126 (650) ഗവൺമെന്റ് പ്രസ്സുകളിലെ ജീവനക്കാരുടെ പ്രൊമോഷൻ

ശ്രീ. കെ. മുഹമ്മദാലി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിലെ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന ജീവനക്കാർക്ക് പ്രൊമോഷൻ ആനുകൂല്യം ലഭിക്കുന്നില്ലെന്നു വെളിപ്പെടുത്തുമോ; ആയതിനുള്ള കാരണമെന്ത്;

(ബി) പ്രൊമോഷൻ നൽകുന്നതിനുവേണ്ടി അച്ചടി വകുപ്പ് സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുവാൻ എന്തെങ്കിലും തടസ്സമുണ്ടോ;

(സി) എങ്കിൽ വിശദീകരിക്കുമോ;

(ഡി) ഈ തടസ്സങ്ങൾ പരിഹരിക്കാൻ സർക്കാർ എന്തു നടപടിയാണ് കൈക്കൊള്ളുന്നത്:

(ഇ) മുഴുവൻ ജീവനക്കാർക്കും പ്രൊമോഷൻ ആനുകൂല്യം ലഭിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രിന്റിംഗ് വകുപ്പിലെ ഓഫ്സെറ്റ് വിഭാഗത്തിലെ, സൂപ്പർ വൈസർ, ജൂനിയർ സൂപ്പർവൈസർമാർ, ഗ്രെയിനർ എന്നീ തസ്തികകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് പ്രൊമോഷൻ ലഭിക്കുന്നില്ല. കാരണം ഇവർക്ക് പ്രൊമോഷൻ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടില്ല. എന്നാൽ അവർക്ക് സമയ ബന്ധിത ഗ്രേഡ് പ്രമോഷൻ നൽകുന്നതിന് തടസ്സമില്ല.

(ബി)&(സി) പ്രൊമോഷൻ തസ്തികകൾ സൃഷ്ടിച്ച ശേഷം മാത്രമേ അതിനുള്ള സ്പെഷ്യൽ റൂൾ തയ്യാറാക്കാൻ കഴിയുകയുള്ളു.

(ഡി)&(ഇ) നിലവിലുള്ള സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.ഭേദഗതി വരുന്ന മുറയ്ക്ക് എല്ലാ ജീവനക്കാർക്കും പ്രൊമോഷനുള്ള അവസരം ലഭിക്കുന്നു

127 (651) സർക്കാർ പ്രസ്സുകളിലെ അച്ചടി ജോലി

ശ്രീ. പി.ജെ. ജോയി :

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളിൽ ഇപ്പോൾ സർക്കാരിന്റെ എല്ലാ വകുപ്പിലേക്കും അച്ചടി ജോലി ചെയ്യിക്കുന്നുണ്ടോ;

(ബി) സർക്കാരിന്റെ എല്ലാ വകുപ്പുകളുടേയും എല്ലാ വിധ അച്ചടി ജോലിയും ചെയ്യുന്നതിന് നിലവിലുള്ള സർക്കാർ പ്രസ്സുകൾ പര്യാപ്തമാണോ;

(സി) അല്ലെങ്കിൽ പുതിയതായി പ്രസ്സുകൾ തുടങ്ങുവാൻ ഉദ്ദേശമുണ്ടോ;

(ഡി) സർക്കാരിന്റെ പല അച്ചടി ജോലികളും സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ അനുമതിയോടെ പൊതു മേഖലയിലും സ്വകാര്യമേഖലയിലും ഉള്ള പ്രസ്സുകളിൽ അച്ചടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly